**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3357** **11-03-2025 - ൽ മറുപടിയ്ക്ക്**

**24 മുറി നഗറിൽ പട്ടയം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ എറണാകുളം വില്ലേജിൽ 24 മുറി നഗർ (പാരഡൈസ് നഗർ)-ൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (എ) | എറണാകുളം വില്ലേജ് സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽപ്പെട്ട 27.43 ആർ ഭൂമിയിൽ 44 കുടുംബങ്ങളിലായി 200 ഓളം വ്യക്തികൾ താമസിച്ചു വരുന്നു. പ്രസ്തുത കുടുംബങ്ങൾ 1945 മുതൽ താമസിച്ചു വരുന്നവരും അവരുടെ പിൻതലമുറക്കാരുമാണ്. പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് കൊച്ചി കോർപറേഷൻ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. ആകെയുള്ള 44 കുടുംബങ്ങളിൽ 31 പേർ കൊച്ചി കോർപ്പറേഷൻ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്നവരോ ടി തസ്തികയിൽ നിന്ന് വിരമിച്ചവരോ ആണ്. ടിയാളുകളുടെ പ്രതിശീർഷ വരുമാനം ചട്ടപ്രകാരമുള്ള വരുമാനപരിധിയേക്കാൾ കൂടുതലാണ് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും അധിക വിവരങ്ങൾ കൂടി ലഭ്യമാക്കി ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ